# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 101
28-10-2019-ലെ മറുപടിയ്ക്ക്

**ദുരിതാശ്വാസനിധിയിലെ വരവും ചെലവും**

| **ചോദ്യം**<br><br>**ശ്രീ.ആർ. രാജേഷ്** | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|
| (എ) പ്രളയഘട്ടത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എത്ര തുക സംഭാവന ലഭിച്ചു എന്ന് അറിയിക്കാമോ; | പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 21.10.2019 വരെ 4655.29 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) 2018, 2019 വർഷങ്ങളിലെ പ്രളയങ്ങളെത്തുടർന്ന് പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയിരുന്നോ എന്ന് അറിയിക്കാമോ; | 2018 പ്രളയവുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ സംഭാവന നൽകിയിട്ടുണ്ട്. |
| (സി) സംഭാവന നൽകിയെങ്കിൽ എത്ര തുക എന്ന് വെളിപ്പെടുത്തുമോ; | ഒരു ലക്ഷം രൂപയാണ് സംഭാവന നൽകിയിരിക്കുന്നത്. |
| (ഡി) പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര തുക ദുരിതാശ്വാസനിധിയിൽ നിന്നും ചെലവഴിച്ചു; എത്ര തുകയ്ക്കുള്ള പ്രതിജ്ഞാബദ്ധമായ ചെലവ് പ്രതീക്ഷിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;<br><br>(ഇ) ഏതൊക്കെ പദ്ധതികൾക്കായാണ് പണം ചെലവഴിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 21/10/2019 വരെ 2456.22 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 7/11/2019 വരെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കിയതിൻ പ്രകാരം 1232.36 കോടി രൂപ പ്രതിജ്ഞാബദ്ധമായ ചെലവ് പ്രതീക്ഷിക്കുന്നു. വിശദ വിവരങ്ങൾ താഴെ പറയുന്നു;<br><br>വീട്, സ്ഥലം എന്നിവ നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം നൽകുന്നതിന് - 150 കോടി രൂപ<br><br>ചെറുകിട വ്യവസായ സംരംഭകർക്ക് ഉജ്ജീവൻ വായ്പ പദ്ധതി പ്രകാരം ബാങ്കുകളിൽ നിന്നും ലഭ്യമായ വായ്പയിൻമേലുള്ള മാർജിൻ തുക ബാങ്കുകൾക്ക് നൽകുന്നതിന് - 10 കോടി രൂപ |

| | |
|---|---|
| | കെട്ടിടങ്ങളുടെ നാശനഷ്ടങ്ങളുടെ തോത് കണക്കാക്കുന്നതിനായി വിരമിച്ച എഞ്ചിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് - 50 ലക്ഷം രൂപ<br><br>കുടുംബശ്രീ മുഖേന പ്രളയ ദുരിത ബാധിതർക്ക് നൽകുന്ന വായ്പയ്ക്ക് 9% പലിശ നിരക്കിൽ പലിശ തുക ബാങ്കുകൾക്ക് നൽകുന്നതിന് - 321.86 കോടി രൂപ<br><br>മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് - 650 കോടി രൂപ<br><br>പ്രളയമായി ബന്ധപ്പെട്ടുണ്ടായ നാശനഷ്ടത്തിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചേക്കാവുന്ന പ്രപ്പോസലിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിനായ് വകയിരുത്തിയത് - 100 കോടി രൂപ |

Hanji.

**സെക്ഷൻ ഓഫീസർ**